**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5217** **21-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്.ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടിൽ, തൊണ്ട് കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.<br><br>**കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം) - താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.<br><br>1. **സംയോജിത പരിചരണ മുറകൾ** സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ |

താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടിൽ - 35 രൂപ/തെങ്ങ്

b) തൊണ്ട് കുഴിച്ചിടൽ- 50 രൂപ/തെങ്ങ്

c) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന്

(d) സംയോജിതവളപ്രയോഗം

i) കുമ്മായം -9രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ - 20രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യ സംരക്ഷണം

i) സസ്യസംരക്ഷണം - 10രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് -75രൂപ/തെങ്ങ്)

f) രോഗംബാധിച്ചതുംഉൽപ്പാദനശേഷിനശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000രൂപ/ തെങ്ങ്

g) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യ മുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം

| | | | |
|---|---|---|---|
| | | | രൂപ.<br><br>7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.<br><br>8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേർസ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.<br><br>പരിചരണമുറകൾക്കായി 19.2ലക്ഷം രൂപയും 2 മുതൽ 7-വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപയും നൽകുന്നു. ആകെ 25.67-ലക്ഷം രൂപ ഒന്നാംവർഷം ഒരുകേരഗ്രാമത്തിനു നൽകുന്നു .<br><br>**കേരഗ്രാമംരണ്ടാംവർഷം:**<br><br>രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br>**കേരഗ്രാമംമൂന്നാംവർഷം:**<br><br>മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു. |
| (സി) | മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയുടെ ഭാഗമായി എത്ര തുക ചെലവഴിച്ചു എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | പദ്ധതി നടപ്പിലാക്കിയിട്ടുള്ള തിരുവാണിയൂർ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതിയുടെ ഭാഗമായി മൂന്നു വർഷങ്ങളിലായി 29,78,787/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1. കേരഗ്രാമം ഒന്നാംവർഷം** (2022 -23) - തടം തുറക്കൽ , തെങ്ങുകയറ്റ യന്ത്രം, കേടായ തെങ്ങ് മുറിച്ചു മാറ്റൽ, ജൈവവളം/രാസവളം/ കുമ്മായം എന്നിവയുടെ പ്രയോഗം, പമ്പ്സെറ്റ് വാങ്ങുന്നതിനുള്ള സഹായം എന്നിവക്കായി 17,78,987 /-രൂപ<br><br>**2. രണ്ടാം വർഷം (2023-24) -** ജൈവവളം, രാസവളം, മഗ്നീഷ്യം സൾഫേറ്റ് എന്നിവക്കായി 7,99,800 /-രൂപ<br><br>**3. മൂന്നാം വർഷം (2024-25) -** ജൈവവളം, രാസവളം എന്നിവക്കായി 4,00,000/-രൂപ |
| (ഡി) | മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തുടർച്ചയായ 100 ഹെ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ചും ഫണ്ടിന്റെ |

| | | | |
|---|---|---|---|
| | | | ലഭ്യതയുമനുസരിച്ച് കേരഗ്രാമം പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ